LIBRARY ARCHIVES Kerala Legislative Assembly

പെട്രോൾ, ഡീസൽ എന്നിവയുടെ സംസ്ഥാന നികുതി

227 (567) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിനും ഡീസലിനും വില കൂട്ടിയ ഏതെല്ലാം ഘട്ടത്തിലാണ് സംസ്ഥാന സർക്കാർ നികുതി ഒഴിവാക്കിയത്;

(ബി) സംസ്ഥാനം വിവിധ ഘട്ടങ്ങളിൽ ഒഴിവാക്കിയ നികുതി ഇപ്പോൾ പിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നികുതി ഇപ്പോൾ എത്രയാണ് ; പ്രസ്തുത നികുതി പിരിച്ചെടുക്കുന്നതു വഴി ഒരു വർഷം ശരാശരി എത്ര രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു ;

(സി) കേന്ദ്രം ഡീസലിനും പെട്രോളിനും വില കൂട്ടിയപ്പോൾ അത് സംസ്ഥാനം പരിഹരിക്കേണ്ടതില്ലെന്ന് തീരുമാനിച്ച സാഹചര്യം എന്തായിരുന്നു ; പ്രസ്തുത സാഹചര്യം ഇപ്പോൾ ഇല്ലാതായിട്ടുണ്ടോ ; ഇല്ലെങ്കിൽ വേണ്ടെന്ന് വച്ച നികുതി പൂർണ്ണമായും പിരിച്ചെടുക്കാനിപ്പോൾ തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പെട്രോളിന്റെ അടിസ്ഥാന വിലയിൽ എണ്ണക്കമ്പനികൾ 18 തവണ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതിൽ നാല് തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 21 തവണ അടിസ്ഥാന വിലയിൽ വർദ്ധനവ് വരുത്തിയപ്പോൾ രണ്ട് തവണ നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്.

(ബി&സി) അവസാനമായി 2014 നവംബർ മാസം ഒന്നാം തീയതി എണ്ണക്കമ്പനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയുടെയും ഡീസലിന്റെ അടിസ്ഥാന വിലയിൽ 2.25 രൂപയുടെയും കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ പെട്രോളിന്റെ വിൽപ്പന നികുതി നിരക്ക് 27.42 ശതമാനവും ഡീസലിന്റേത് 21.04 ശതമാനവും ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി 19-11-2014 തീയതി മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനമായും ഡീസലിന്റേത് 22.07 ശതമാനമായും ഉയർത്തിക്കൊണ്ട് പുനഃക്രമീകരിച്ചിട്ടുണ്ട്.

പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് (advalorem) നികുതിയായി നിശ്ചയിക്കുന്നത്. അല്ലാതെ ലിറ്ററിന് മേൽ വില എത്രതന്നെയായാലും ഒരു നിശ്ചിത തുകയായിട്ടല്ല നികുതി ചുമത്തുന്നത്. ഇപ്രകാരം (advalorem) അടിസ്ഥാനത്തിൽ നികുതി ചുമത്തുമ്പോൾ അടിസ്ഥാന വില കുറയുമ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിലും കുറവുണ്ടാകും. അതുപോലെ തന്നെ അടിസ്ഥാനവില കൂടുമ്പോൾ ലഭിക്കേണ്ട നികുതിയിൽ വർദ്ധനവുണ്ടാവുകയും ചെയ്യും. എണ്ണക്കമ്പനികൾ/ കേന്ദ്രസർക്കാർ വില കൂട്ടുമ്പോഴും കുറയ്ക്കുമ്പോഴും ഇത്തരം വ്യതിയാനം ഉണ്ടാകുന്നു.

വില വർദ്ധനയുടെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ അത് നീട്ടെയിൽ വിലയിലുണ്ടാക്കുന്ന ഭാരം ലഘൂകരിക്കുവാനായി സംസ്ഥാന സർക്കാർ വില വർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്നുവെച്ചുകൊണ്ട് നികുതി നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതേപോലെ വിലക്കുറവിന്റെ തോത് കൂടുതലായ അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്. അതിനാൽ കൂടുതൽ നികുതി പിരിക്കുക എന്ന ലക്ഷ്യത്തോടെയല്ല നികുതി നിരക്ക് ഉയർത്തിയിട്ടുള്ളത്.

പെട്രോൾ, ഡീസൽ വില വർദ്ധനവും നികുതി ഒഴിവാക്കലും

228 (568) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോൾ, ഡീസൽ വിലയിൽ ഉണ്ടായ വർദ്ധനയുടെ ഏതെല്ലാം ഘട്ടത്തിലായിരുന്നു സംസ്ഥാന നികുതി ഒഴിവാക്കിക്കൊടുത്തിരുന്നതെന്നു വ്യക്തമാക്കാമോ ;

(ബി) ഒഴിവാക്കിയിരുന്ന പ്രസ്തുത നികുതി പുനഃസ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധമായ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ വിൽക്കുന്ന പെട്രോളിനും, ഡീസലിനും ഏതെല്ലാം നിരക്കുകളിൽ എത്ര ശതമാനം നികുതികൾ ഈടാക്കി വരുന്നുണ്ട് ; സംസ്ഥാന നികുതി എത്രയാണ് ;

(ഡി) പെട്രോൾ, ഡീസൽ, പാചക വാതകം, മണ്ണെണ്ണ തുടങ്ങിയവയുടെ നികുതി ഇനത്തിൽ 2011-12, 2012-13, 2013-14, 15 2014 നാളിതുവരെയും സംസ്ഥാനത്തിന് ലഭിച്ച മൊത്ത നികുതി വരുമാനം സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ ; 2014-15 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന നികുതി വരുമാനം എത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly